LIBRARY ARCHIVES Kerala Legislative Assembly

കാരുണ്യ ചികിത്സാ പദ്ധതി

137 (143) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ചികിൽസാ പദ്ധതി ആരംഭിച്ചതുമുതൽ ദേവികുളം നിയോജക മണ്ഡലത്തിൽ ഇതുവരെ എത്ര പേർക്ക് ,ധനസഹായം അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ധനസഹായം അനുവദിക്കപ്പെട്ടവരുടെ പേരുവിവരവും അനുവദിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി വരുന്നില്ല.

കാരുണ്യ ബെനവലന്റ് പദ്ധതി

138 (144) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ നിർധനരായ രോഗികൾക്ക് കാരുണ്യ ബെനവലന്റ് പദ്ധതിയിൽനിന്നും ധനസഹായം ലഭിയ്ക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ, ശസ്ത്രക്രിയനടത്തി മാസങ്ങൾ പിന്നിട്ടിട്ടും സഹായം അനുവദിയ്ക്കാത്തതുമൂലം രോഗികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ശ്രീ. പി.യു. ഷാജു ,പുറക്കളം (H), പോട്ട എന്ന രോഗിയുടേയും (15-ാം നമ്പർ കമ്മിറ്റി, 22-ാം നമ്പർ അജണ്ട), എം.എസ്. നിഷാദ്, മനക്കുളങ്ങരപ്പറമ്പിൽ വീട് , ചാലക്കുടി എന്ന രോഗിയുടേയും (ജൂലായ് 2015) അപേക്ഷകളിൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും പരമാവധി ചികിത്സാ ധനസഹായം അനുവദിയ്ക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; ധനസഹായം ഉടൻ ലഭ്യമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലഭ്യമായ അപേക്ഷകളിൻമേൽ ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രീ. പി. യു. ഷാജുവിന്റെ അപേക്ഷയിൻമേൽ അടിയന്തരമായി ധനസഹായം അനുവദിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ശ്രീ. എം.എസ്.നിഷാദിന്റെ അപേക്ഷ തുടർനടപടികൾ എടുക്കാൻ വേണ്ടി തൃശ്ശൂർ ജില്ലാ ഭാഗ്യക്കുറി ഓഫീസർക്ക് 4-11-2015-ൽ അയച്ചുകൊടുത്തിട്ടുണ്ട്. തൃശ്ശൂർ ജില്ലാ ഭാഗ്യക്കുറി ഓഫീസറുടെ റിപ്പോർട്ട് അടുത്ത സംസ്ഥാനതല കമ്മറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് കുടിശ്ശിക അനുവദിക്കാവുന്നതാണ്.

കാരുണ്യ ഫണ്ടിലേയ്ക്കുള്ള സംഭാവന

139 (145) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖല, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ടിൽ നിന്ന് കാരുണ്യ ഫണ്ടിലേക്ക് സംഭാവന സ്വീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതുവരെ ഏതെല്ലാം സ്ഥാപനങ്ങളിൽനിന്ന് സഹായം നേടുകയുണ്ടായിട്ടുണ്ട് ; ഏതെല്ലാം സ്ഥാപനങ്ങൾ ഇതിനകം സഹായം നൽകുകയുണ്ടായിട്ടുണ്ട്, വിശദമാക്കാമോ ?

ഉത്തരം

(എ) പൊതുമേഖല, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ടിൽ നിന്ന് കാരുണ്യ ഫണ്ടിലേയ്ക്ക് സംഭാവന സ്വീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിൽ നിന്നും 50,00,000 രൂപ 2015 സെപ്റ്റംബർ മാസത്തിൽ കാരുണ്യ ഫണ്ടിലേയ്ക്ക് സംഭാവനയായി ലഭിച്ചിട്ടുണ്ട്. വിജയാ ബാങ്കിൽനിന്നും 2 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

കാരുണ്യ ലോട്ടറിയിൽ നിന്നുള്ള ചികിത്സാ ധനസഹായം

140 (146) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കാരുണ്യ ബെനെവലന്റ് ഫണ്ടിൽനിന്നും ഇതു വരെ എത്ര കോടി രൂപയുടെ ചികിത്സ സഹായം നൽകിയിട്ടുണ്ട് ?

ഉത്തരം

സർക്കാർ ആശുപത്രികൾ, സ്വകാര്യ ആശുപത്രികൾ, സമാശ്വാസ ചികിത്സ, ഹാമോഫീലിയ എന്നീ വിഭാഗങ്ങളിലായി 656.91 കോടി രൂപ ധനസഹായം നൽകി.

LIBRARY ARCHIVES Kerala Legislative Assembly